ஆயர் திருமுகம்

Bishop George Rajendran sdb
Diocese of Thuckalay

Pastoral Letter No/GR/52/2025

ഇടയ ലേഖനം

ഈശോമിശിഹായിൽ ഏറ്റവും സ്നേഹം നിറഞ്ഞ വൈദികരെ സന്യസ്തരേ, ദൈവജനമേ, നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിൻറെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരും കൂടെ ഉണ്ടായിരിക്കട്ടെ!

സഭയുടെ ആരാധനക്രമം അനുസരിച്ച് നാം ഇപ്പോൾ നോമ്പുകാലത്തിൽ ആണല്ലോ. വലിയ നോമ്പാചരണം അതിൻറെ അവസാന ഘട്ടത്തിലേക്ക് അടുക്കുമ്പോൾ കാലത്തിൻറെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ഈശോയുടെ ഉയർപ്പിലേക്ക് ഒരുമിച്ച് നടക്കുവാൻ ദൈവം നമുക്കു തന്ന ഈ വലിയ അവസരത്തിന് നന്ദി പറഞ്ഞു കൊണ്ടാണ് ഞാൻ നിങ്ങൾക്ക് എഴുതുന്നത്. സീറോ മലബാർ സഭയുടെ പാരമ്പര്യമനുസരിച്ച് വിഭൂതി തിങ്കൾ ദിവസം നശ്വരതയുടെ അടയാളമായ ചാരം നെറ്റിയിൽ പൂശി കൊണ്ട് മാനസാന്തരത്തിന്റെ ആഹ്വാനം ഹൃദയത്തിൽ ഏറ്റെടുത്ത് നമ്മൾ വലിയ നോമ്പിലേക്ക് പ്രവേശിച്ചു (ഉല്പത്തി 3:19). ദുഃഖകരവും എന്നാൽ പ്രതീക്ഷ നിറഞ്ഞതുമായ ഈ ഒരു തുടക്കമാണ് ആത്മീയ നവീകരണത്തിന്റെയും ഒരുക്കത്തിന്റെയും കാലഘട്ടത്തിലേക്കുള്ള നമ്മുടെ പ്രവേശനത്തെ അർത്ഥവത്താക്കി മാറ്റുന്നത്.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ച ക്രിസ്തു ജൂബിലി വർഷമായതിനാൽ, ഈ വർഷത്തെ നോമ്പുകാല ആചരണത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വേരൂന്നി അനുരഞ്ജനത്തിലൂടെയും ആത്മനവീകരണത്തിലൂടെയും നമ്മുടെ വിശ്വാസം ആഴത്തിൽ ജീവിക്കുന്നതിനുള്ള ആഹ്വാനമാണ് ഈ ജൂബിലി വർഷം നമുക്ക് പ്രദാനം ചെയ്യുന്നത്. ജൂബിലി വർഷത്തിൽ ദൈവം നമ്മുടെമേൽ ചൊരിയുന്ന സാധാരണമായ കൃപകൾ സ്വീകരിക്കുവാൻ നമ്മെ തന്നെ ഒരുക്കുന്ന കാലഘട്ടമായി ഈ നോമ്പുകാലത്തെ നമുക്ക് മാറ്റാം.

നോമ്പുകാലത്തിന്റെ പ്രധാന ലക്ഷ്യം പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവയിലൂടെ നമ്മുടെ ഹൃദയങ്ങളെ മാനസാന്തരത്തിലേക്ക് തുറക്കുക എന്നതാണ് (മത്താ. 6:1-18). ലോക സുഖങ്ങളിൽ വീണു പോകാതെ തമ്മിൽ തമ്മിലും ദൈവത്തിങ്കലേക്കും കൂടുതൽ അടുക്കുവാൻ ഇവ നമ്മെ സഹായിക്കുന്നു. നോമ്പിൻറെ ചൈതന്യത്തിൽ ജീവിക്കുവാൻ നിങ്ങൾ വ്യക്തിപരമായി ഏറ്റെടുത്ത് ചെയ്യുന്ന പരിത്യാഗ പ്രവർത്തികളെയും ഉപവാസത്തെയും പ്രതി നിങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. നിങ്ങൾ ഏറ്റെടുക്കുന്ന ത്യാഗങ്ങളും ഭക്താഭ്യാസങ്ങളും നിങ്ങൾക്ക് ദൈവത്തോടുള്ള സ്നേഹത്തിന്റെയും വിശുദ്ധിയിൽ വളരുവാനുള്ള ആഗ്രഹത്തിന്റെയും വലിയ സാക്ഷ്യമാണ്.

ഈ നോമ്പുകാലത്ത് നമ്മുടെ ചില ഇടവകകളിൽ നിന്നും വിവിധ തീർത്ഥാടന കേന്ദ്രങ്ങളിലേക്കും മിഷൻ സ്റ്റേഷനുകളിലേക്കും നടത്തുന്ന ആത്മീയ തീർത്ഥാടനങ്ങളിൽ നിങ്ങൾ തീക്ഷ്ണതയോട് കൂടി പങ്കെടുക്കുന്നു എന്ന വസ്തുത എന്നെ ഏറെ സന്തോഷിപ്പിക്കുന്നു. ഇപ്രകാരമുള്ള തീർത്ഥാടനങ്ങൾ കേവലം ഭൗതികമായ സ്ഥലങ്ങളിലേക്കുള്ള യാത്രകൾ അല്ല മറിച്ച് ഈശോയുടെ ഉയർപ്പിലേക്ക് ആത്യന്തികമായി സ്വർഗ്ഗരാജ്യത്തിലേക്ക് ഉള്ള നമ്മുടെ ആത്മീയ യാത്രയെയാണ് പ്രതിനിധീകരിക്കുന്നത്. മിഷൻ സ്റ്റേഷനുകൾ നിങ്ങൾ സന്ദർശിക്കുക വഴി രൂപതാ കൂട്ടായ്മ ശക്തിപ്പെടുകയും അതോടൊപ്പം അപ്രകാരമുള്ള സ്ഥലങ്ങൾക്ക് നിങ്ങളുടെ സാന്നിധ്യം വഴി ഒരു ആത്മീയ ചൈതന്യം കൂടുതലായി ലഭിക്കുകയും ചെയ്യുന്നു.

അടുത്ത ഞായറാഴ്ച ഏപ്രിൽ പതിമൂന്നാം തീയതി, ജെറുസലേമിലേക്കുള്ള ഈശോയുടെ രാജകീയ പ്രവേശനത്തെ അനുസ്മരിക്കുന്ന ഓശാന ഞായർ ആചരണത്തോടുകൂടി നാം വിശുദ്ധവാരത്തിലേക്ക് പ്രവേശിക്കുകയാണ് (മത്താ. 21:1-11).

ഓശാന ഞായറാഴ്ച ഈശോയ്ക്ക് ലഭിക്കുന്ന രാജകീയ സ്വീകരണവും അതേത്തുടർന്ന് അവനെ കാത്തിരിക്കുന്ന സഹനങ്ങളും തമ്മിലുള്ള വ്യത്യാസം നാം ഇവിടെ കാണുന്നുണ്ട്. ഓശാന എന്ന ആർത്തുവിളിക്കുന്ന ജനക്കൂട്ടം അധികം വൈകാതെ തന്നെ അവനെ ക്രൂശിക്കുക എന്ന് അട്ടഹസിക്കുന്നത് നമുക്കിവിടെ കാണുവാൻ സാധിക്കും. ഇത് മനുഷ്യ സ്തുതിയുടെ ചഞ്ചലതയെയും ദൈവസ്നേഹത്തിന്റെ സ്ഥിരതയെയും ആണ് ഓർമിപ്പിക്കുന്നത്.

വിശുദ്ധ വാരത്തിലെ ഏറ്റവും പ്രധാന ദിവസങ്ങളാണ് പെസഹാ വ്യാഴവും പീഡാനുഭവ വെള്ളിയും വലിയ ശനിയും ഉയർപ്പ് ഞായറും. പെസഹാ വ്യാഴാഴ്ച അന്ത്യ അത്താഴവേളയിൽ ഈശോ പരിശുദ്ധ കുർബാന സ്ഥാപിച്ചതിന്റെ വലിയ ആഘോഷത്തോടുകൂടിയാണ് നാം ഈ പ്രധാന ദിവസങ്ങളിലേക്ക് പ്രവേശിക്കുക. നമ്മുടെ ജീവിതയാത്രയിൽ ആത്മീയ ഭക്ഷണമായി അവൻ തന്റെ ശരീരവും രക്തവും നമുക്ക് നല്കി. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി കൊണ്ട് വിനയത്തിന്റെയും സേവനത്തിന്റെയും സ്നേഹത്തിൻറെയും യഥാർത്ഥ മാതൃക അവൻ നമ്മെ പഠിപ്പിച്ചു. സ്നേഹത്തിൻറെ ഈ ആഴമേറിയ പ്രവർത്തിയെ കുറിച്ച് നമുക്ക് ചിന്തിക്കാം. നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സമൂഹത്തിലും ശുശ്രൂഷ മനോഭാവത്തോടെ എപ്രകാരം കൂടുതൽ നന്മ ചെയ്യാമെന്ന് സ്വയം ആത്മശോധന ചെയ്യാം. അതുപോലെതന്നെ ഈശോ പൗരോഹിത്യം സ്ഥാപിച്ച ദിവസം കൂടിയാണ് പെസഹാ വ്യാഴാഴ്ച. സഭയിൽ ക്രിസ്തുവിൻറെ ദൗത്യം തുടരുകയും കൂദാശകൾ പരികർമ്മം ചെയ്യുകയും വിശ്വാസികളെ അവരുടെ ആത്മീയ യാത്രയിൽ നയിക്കുകയും ചെയ്യുന്ന നമ്മുടെ എല്ലാ വൈദികർക്ക് വേണ്ടിയും ഇടവക വികാരിമാർക്ക് വേണ്ടിയും നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

ദുഃഖവെള്ളി നമ്മെ കുരിശിന്റെ ചുവട്ടിലേക്ക് ആണ് നയിക്കുക. മനുഷ്യ രക്ഷയ്ക്ക് വേണ്ടിയുള്ള ഈശോയുടെ ആത്യന്തിക ത്യാഗത്തെയാണ് നാം അന്നേദിവസം ധ്യാന വിഷയം ആക്കുക (യോഹ. 19, 17-30). അവൻറെ സഹനങ്ങളിൽ മനുഷ്യനോടുള്ള അഗാധമായ ദൈവസ്നേഹത്തെയാണ് നാം കാണുക. പാപത്തിനും മരണത്തിനും എതിരായ വിജയത്തിൻറെ ശക്തമായ പ്രതീകമായി കുരിശ് നിലകൊള്ളുന്നു. നമുക്കുവേണ്ടിയും നമ്മോടൊപ്പവും ദൈവം സഹിച്ചിട്ടില്ലാത്ത ഒരു കഷ്ടപ്പാടും ഇല്ലെന്ന് കുരിശു നമ്മെ ഓർമിപ്പിക്കുന്നു. കുരിശിനെ വണങ്ങുന്നത് വഴി ദൈവത്തിൻറെ രക്ഷാകര ശക്തിയിൽ ആശ്രയം വച്ചുകൊണ്ട് നമ്മുടെ വേദനകളുടെയും സഹനങ്ങളുടെയും അർത്ഥം കുരിശിൽ കണ്ടെത്തുവാൻ സാധിക്കുന്നു. നിസ്വാർത്ഥമായ സ്നേഹത്തിന്റെയും ക്ഷമയുടെയും അനുരഞ്ജനയും ചിന്തകളാൽ ഈ ദിവസം നമ്മുടെ ഹൃദയം നിറയ്ക്കാം. സ്നേഹിതനുവേണ്ടി ജീവൻ ബലി കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന ശിഷ്യത്വത്തിൻറെ പാത തന്റെ സഹനങ്ങളിലൂടെ ഈശോ നമ്മെ പഠിപ്പിക്കുന്നു.
പൗരസ്ത്യ സുറിയാനി സഭയുടെ പാരമ്പര്യ പ്രകാരം യാമപ്രാർത്ഥനകൾ അല്ലാതെ മറ്റു പ്രത്യേക കർമ്മങ്ങൾ ഒന്നുമില്ലാത്ത ദിവസമാണ് വലിയ ശനി. ഈശോയുടെ മരണവും, സംസ്കാരവുമാണ് വലിയ ശനിയാഴ്ചത്തെ കേന്ദ്ര രഹസ്യങ്ങൾ. പീഡാനുഭവ വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണി മുതൽ ശനിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിവരെയുള്ള ആചാരങ്ങളാണ് വലിയ ശനിയുടെ ദൈവാരാധന ശുശ്രൂഷകളിൽ ഉൾപ്പെടുക. മനുഷ്യവംശത്തിന്റെ പാപങ്ങൾക്ക് പരിഹാരമായി പീഡകൾ ഏറ്റുവാങ്ങിയ ഈശോയുടെ മരണവും, കബറടക്കവും പ്രത്യേകമായി അനുസ്മരിക്കുന്ന ദിനമാണിത്. എല്ലാ ജോലികളിൽ നിന്നും വിരമിച്ചു ഇന്നേദിവസം പൂർണ്ണമായും പെസഹാ രഹസ്യത്തിന്റെ പരിചിന്തനത്തിനും ആചരണത്തിനായി നമുക്ക് മാറ്റിവയ്ക്കാം.

തീരാ ദുഃഖത്തിലും നിരാശ കൈവിടാതെ പുനരുദ്ധാനത്തിന്റെ സന്തോഷത്തിനായി സഭ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ദിവസമാണ് ഉയർപ്പ് ഞായർ. ഓരോ ക്രൈസ്തവന്റെയും ജന്മദിനം ആണെന്ന്. സഭയുടെ ആരാധനാക്രമത്തിന്റെ പരമകോടി. ഇരുളിനെ ഇല്ലാതാക്കിയ വെളിച്ചത്തിന്റെ രാത്രി. ഈശോയുടെ ഉത്ഥാനമാണ് നമ്മുടെ വിശ്വാസത്തിൻറെ അടിത്തറയും ആനന്ദത്തിന്റെ ഉറവിടവും (1 കൊറി. 15:17).

തിരുവെഴുത്തുകളിലൂടെ വെളിവാക്കപ്പെട്ട രക്ഷാകര ചരിത്രത്തിൻറെ പര്യവസാനമാണ് ഈശോയുടെ പുനരുദ്ധാനം. ഉത്ഥാനം വെറുമൊരു സംഭവമല്ല. നമ്മുടെ ദൈനംദിന ജീവിതത്തെ രൂപാന്തരപ്പെടുത്തേണ്ട ഒരു യാഥാർത്ഥ്യമാണ്. നമ്മുടെ സഹനങ്ങളും പരീക്ഷണങ്ങളും ഒരു അവസാനം അല്ല മറിച്ച് ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിലേക്കുള്ള ഒരു പാതയാണെന്ന് പുനരുദ്ധാനം നമ്മെ ഓർമിപ്പിക്കുന്നു. ഈശോയുടെ ഉയർപ്പ് ആഘോഷിക്കുമ്പോൾ ഈ ആനന്ദം നമ്മുടെ കുടുംബങ്ങളിലേക്കും ജോലി സ്ഥലങ്ങളിലേക്കും സമൂഹത്തിൻറെ നാനാതുറകളിലേക്കും നമുക്ക് എത്തിക്കാം. ഉത്ഥാനം ചെയ്ത മിശിഹായുടെ സമാധാനത്തിന്റെ വാഹകരായി നമുക്ക് മാറാം. മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്ത ഈശോമിശിഹാ വാഗ്ദാനം ചെയ്ത പുതുജീവിതം പ്രത്യാശയോടെ നമുക്ക് സ്വീകരിക്കാം.

നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാനുഭവത്തിന്റെ വലിയ ആഴ്ചയിലൂടെ നാം സഞ്ചരിക്കുമ്പോൾ ഇടവകകളിൽ നടത്തപ്പെടുന്ന വിശുദ്ധവാര തിരുകർമ്മങ്ങളിൽ ഇടവകജനം മുഴുവനും ഭക്തിയോടെ പങ്കെടുക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. അതുവഴിയായി മിശിഹാ രഹസ്യങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ആഴത്തിൽ പതിയുവാനും ക്രിസ്തുവിനോടും അവൻറെ സഭയോടുമുള്ള നിങ്ങളുടെ പ്രതിബദ്ധത ദൃഢമാക്കുവാനും സാധിക്കും. പരിശുദ്ധ അമ്മയെപ്പോലെ ഈശോയുടെ കുരിശിന്റെ ചുവട്ടിൽ നിൽക്കുവാനും ശ്ലീഹന്മാരോടൊപ്പം ഒഴിഞ്ഞ കല്ലറയുടെ സന്തോഷം അനുഭവിക്കുവാനും നമുക്കാകണം.

ഈ വിശുദ്ധ വാരയാത്രയിൽ വെറും കാഴ്ചക്കാരാകാതെ പ്രത്യാശയുടെ തീർത്ഥാടകരായി നമുക്ക് സഞ്ചരിക്കാം. പ്രിയ ദൈവജനമേ, വിശുദ്ധ വാരത്തിൽ നമ്മുടെ വിശ്വാസത്തിൻറെ കേന്ദ്ര രഹസ്യങ്ങൾ ആഘോഷിക്കുവാൻ തയ്യാറെടുക്കുമ്പോൾ ഉയർത്തെഴുന്നേറ്റ ഈശോയുടെ രൂപാന്തരപ്പെടുത്തുന്ന കൃപയ്ക്കായി നമ്മുടെ ഹൃദയങ്ങളെ നമുക്ക് തുറക്കാം. വരുവാൻ പോകുന്ന ഉയർപ്പുകാലം നമ്മുടെ വ്യക്തിജീവിതങ്ങൾക്കും കുടുംബങ്ങൾക്കും ഇടവകകൾക്കും സമൂഹത്തിനും പുതുജീവിതത്തിന്റെ കാലമായി മാറട്ടെ. ഉയർത്തെഴുന്നേറ്റ ഈശോ നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. എല്ലാവർക്കും സന്തോഷവും സമാധാനവും നിറഞ്ഞ ഒരു ഉയർപ്പ് തിരുനാൾ ആശംസിക്കുന്നു.

ബിഷപ്പ്സ് ഹൗസ്
02 – 04 - 2025

BISHOP GEORGE RAJENDRAN sdb · Diocese of Thuckalay

ഈശോയിൽ സ്നേഹപൂർവ്വം

മാർ ജോർജ് രാജേന്ദ്രൻ SDB
തക്കല രൂപതയുടെ മെത്രാൻ

NB: ഈ ഇടയ ലേഖനം *2025* ഏപ്രിൽ *06* ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ, പ്രസംഗത്തിന് പകരം വായിക്കണം.